പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5699 — 18.11.2019 -ൽ മറുപടിക്ക്

## പ്രളയകാലത്ത് കേന്ദ്രസർക്കാർ അനുവദിച്ച റേഷൻ സാധനങ്ങൾക്ക് വില

| ചോദ്യം<br>**ശ്രീ. കെ. വി. വിജയദാസ്** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| 2018-ലെ പ്രളയകാലത്ത് കേന്ദ്ര സർക്കാർ കേരളത്തിന് അനുവദിച്ച റേഷൻ സാധനങ്ങൾക്ക് വില നൽകേണ്ടി വന്നിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ ? | 2018-ലെ പ്രളയ ദുരിതാശ്വാസത്തിന്റെ ഭാഗമായി താങ്ങുവില നിരക്കിൽ (എം.എസ്.പി ഡിറൈവ്ഡ് നിരക്ക്) 89540 മെട്രിക് ടൺ അരി കേന്ദ്ര സർക്കാർ അനുവദിച്ചിരുന്നു. അരി എഫ്.സി.ഐ യിൽ നിന്നും സൗജന്യമായി വിട്ടുനല്കിയെങ്കിലും ആയതിന്റെ വില സംസ്ഥാനത്തിന് കേന്ദ്രത്തിൽ നിന്നും ലഭ്യമാകുന്ന ദുരിതാശ്വാസ ഫണ്ടിൽ നിന്നോ എൻ.എഫ്.എസ്.എ ഉൾപ്പെടെയുള്ള മറ്റ് സ്കീമുകളിൽ നിന്നോ ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചിരുന്നു. നിലവിൽ 2018 ലെ പ്രളയവുമായി ബന്ധപ്പെട്ട് 89540 മെട്രിക് ടൺ അരി അധിക മായി അനുവദിച്ചതിന് ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ 205.81 കോടി രൂപയുടെ ബിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് റവന്യൂ (ദുരന്ത നിവാരണ) വകുപ്പിന്റെ ഡി.എം.എ4/245/2019-ഡി.എം.ഡി നമ്പർ ഫയലിൽ പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**